**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2074** **13.06.2019 - ൽ മറുപടിയ്ക്ക്**

# കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

| **ചോദ്യം**<br>**ശ്രീ.വി.എസ്.ശിവകുമാർ :** | **മറുപടി**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് അധികൃതർ എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത പ്രൊപ്പോസൽ സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പുനരാരംഭിക്കുന്നത് സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| (സി) ഈ വർഷം ജനുവരി മുതൽ സംസ്ഥാനത്ത് മീസിൽസ് രോഗം വ്യാപകമായി പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് ജില്ലയിലാണ് കൂടുതൽ പേർക്ക് രോഗം ബാധിച്ചതായി കണ്ടെത്തിയിട്ടുള്ളത്; | (സി) മീസിൽസ് രോഗമാണെന്ന സംശയത്തിൽ 552 കേസുകൾ ഈ വർഷം ജനുവരി മുതൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 258 കേസുകൾ മീസിൽസ് ആണെന്ന് ലബോറട്ടറി പരിശോധനയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ നിന്നുമാണ് കൂടുതൽ മീസിൽസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (ഡി) ഇതുമൂലം മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) ഒരു മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| (ഇ) പ്രസ്തുത രോഗം പടരാതിരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഇ) ദേശീയ രോഗപ്രതിരോധ കുത്തിവയ്പ്പ് പദ്ധതി പ്രകാരം കുട്ടികൾക്ക് 9-ാം മാസത്തിൽ എം.ആർ വാക്സിനും, 16-24 മാസത്തിൽ രണ്ടാമത്തെ ഡോസ് എം.ആർ വാക്സിനോ/എം.എം.ആർ വാക്സിനോ നൽകിവരുന്നു. ഇതു കൂടാതെ 2017 ൽ റുബെല്ല ക്യാമ്പയിന്റെ ഭാഗമായി 9 മാസം മുതൽ 15 വയസ്സുവരെയുള്ള കുട്ടികൾക്ക് ഒരു ഡോസ് എം.ആർ വാക്സിൻ മീസിൽസ് റുബെല്ല നൽകിയിട്ടുണ്ട്. ആശുപത്രികളിൽ വരുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മറ്റും രോഗം പകരാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങളും വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ പാലിക്കുവാൻ വേണ്ട ബോധവത്കരണ പരിപാടികളും നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ